**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3069** **18-03-2022 - ൽ മറുപടിയ്ക്ക്**

**എ.എ.ബി.വൈ. ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **null**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമനിധി ബോർഡിൽ അംഗമായ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന എ.എ.ബി.വൈ. ഇൻഷ്വറൻസ് ധനസഹായത്തിനായി 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ മത്സ്യത്തൊഴിാലലികൾക്ക് ആം ആദ്മി ബീമ യോജന (AABY) ഇൻഷ്വറൻസ് ധനസഹായത്തിനായി 2018 മുതൽ നാളിതുവരെ 1168 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 281 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് |
| (ബി) | അപേക്ഷകർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; അർഹതപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തരമായി ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 1/3/2018 മുതൽ കേന്ദ്ര പദ്ധതികളായ PMJJBY/PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് എൽ.ഐ.സി യുമായി ചേർന്നാണ് AABYനടപ്പാക്കുന്നത്. ലഭിച്ച അപേക്ഷകളിൽ ആനുകൂല്യം നൽകാൻ ബാക്കിയുള്ള അപേക്ഷകർക്ക് എൽ.എെ.സി.യിൽ നിന്നും ആനുകൂല്യം അനുവദിച്ച നൽകേണ്ടതുണ്ട്. എൽ.എെ.സി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം PMJJBY പദ്ധതിയുടെ സേവനങ്ങൾ എൽ.എെ.സി. യും, PMSBY സേവനങ്ങൾ ചെയ്യുന്നത് പൊതുമേഖല സ്ഥാപനങ്ങളായ നോൺ ലൈഫ് ഇൻഷ്വറൻസ് കമ്പനികളുമാണ്. എന്നാൽ ചില അനിശ്ചിതത്വങ്ങൾ മൂലം PMSBY ക്ലെയിമുകൾ സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും, ക്ലെയിം സെറ്റിൽമെന്റ് സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കി വരുന്നതായും എൽ.എെ.സി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ